(ബി) നിലവിൽ സഞ്ചരിക്കുന്ന കണ്ണാശുപത്രി പതിനാല് ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനാവശ്യമായ ഫണ്ട് ഒന്നും തന്നെ നിലവിൽ ലഭ്യമല്ല.

(സി) ഭാരതീയ ചികിത്സാ വകുപ്പിൽ നടപ്പാക്കിയ ദൃഷ്ടി പ്രോജക്ടിന്റെ പ്രവർത്തനത്തിനായി 3 ഓപ്റ്റോമെട്രിസ്റ്റുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കൂടുതൽ തിരക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന് പ്രാതിനിധ്യം

89 (2640) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും റഗുലേഷനും) ആക്ട് 2010-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ബന്ധപ്പെട്ട നിയമം രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത കേന്ദ്ര നിയമപ്രകാരമുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന്റെ പ്രതിനിധിക്ക് അംഗത്വം നിഷ്കർഷിച്ചിട്ടുണ്ടോ ;

(സി) നിർദ്ദിഷ്ട സംസ്ഥാന നിയമത്തിനായുള്ള ബില്ലിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന്റെ പ്രാതിനിധ്യം ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്റ്റേറ്റ് ഫാർമസി കൗൺസിലിന്റെ പ്രതിനിധിയെ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ കൂട്ടിച്ചേർക്കുമോ ?

ഉത്തരം

(എ) 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ പതിമൂന്നാം കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആരോഗ്യരംഗത്തെ പ്രമുഖ സംഘടനകളുമായി ചർച്ച ചെയ്തിട്ടാണ് കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ തയ്യാറാക്കിയിട്ടുള്ളത്. ബിൽ കേരള നിയമസഭയുടെ 230-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഈ ഘട്ടത്തിൽ യാതൊരുവിധ കൂട്ടിച്ചേർക്കലുകൾക്കും നിർവ്വാഹമില്ല.

ആശുപത്രികളിലെ ഓപ്പറേഷൻ തീയറ്ററുകൾ

90 (2641) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശുപത്രികളിലെ ഓപ്പറേഷൻ തീയറ്ററുകളിൽ ഉപയോഗിക്കുന്ന ശസ്ത്രക്രിയാ ഉപകരണങ്ങളും മറ്റ് സംവിധാനങ്ങളും പൂർണ്ണമായും അണുവിമുക്ത മാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) ആശുപത്രികളിലും ഓപ്പറേഷൻ തീയറ്ററുകളിലും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് പ്രത്യേക സമിതികൾ രൂപവൽക്കരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഇതിനായി പ്രത്യേക സമിതികൾ രൂപവൽക്കരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകളിൽ രോഗികൾക്ക് ശസ്ത്രക്രിയാ ഉപകരണങ്ങളിൽനിന്നും മറ്റ് ആശുപത്രി സംവിധാനങ്ങളിൽ നിന്നും അണുബാധ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) എല്ലാ ആശുപത്രികളിലും ഓപ്പറേഷൻ തീയേറ്ററുകളിലും അണുവിമുക്തമായ ഉപകരണങ്ങൾ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ മാർഗ്ഗ നിർദ്ദേശങ്ങളുണ്ട്. അത് പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നത് സ്ഥാപനമേധാവികളാണ്. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ, കെ.എ. എസ്.എച്ച് അക്രഡിറ്റേഷൻ എന്നിവയുടെ ഭാഗമായും ഇത്തരം കാര്യങ്ങൾ ശ്രദ്ധാന്തിയോടെ ഉറപ്പുവരുത്തുന്നു. ആശുപത്രി മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കുകയും സ്റ്റാഫിനും മറ്റും ഇത് സംബന്ധിച്ച് ട്രെയിനിംഗുകളും കൃത്യമായ സൂപ്പർവിഷനും നടത്തുകയും ചെയ്യുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly